പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള സംവരണം സംബന്ധിച്ച റിവ്യൂ കമ്മിറ്റി

438 [551] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 ജനുവരിക്കുശേഷം പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്ക് ന്യായമായ സംവരണം ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനുള്ള റിവ്യൂ കമ്മിറ്റി എത്ര പ്രാവശ്യം യോഗം കൂടിയെന്നു വെളിപ്പെടുത്തുമോ ;

(ബി) അത് ഏതെല്ലാം ദിവസങ്ങളിലായിരുന്നു ?

ഉത്തരം

(എ) പത്തു പ്രാവശ്യം.

(ബി) ഏതെല്ലാം ദിവസങ്ങളിലായിരുന്നു എന്നതിന്റെ വിവരം താഴെ ചേർക്കുന്നു.

3-8-1982, 30-3-1983, 20-4-1983, 2-7-1983, 26-9-1983, 12-4-1984, 31-7-1984, 26-3-1985, 6-8-1985, 28-5-1986.

പട്ടികജാതി-പട്ടിക വർഗ്ഗക്കാരുടെ അവകാശപത്രിക

439 [553] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ആവശ്യങ്ങളടങ്ങിയ ഒരു അവകാശ പത്രിക ഭാരതീയ അധഃകൃതലീഗ് (എസ്) സംസ്ഥാന കമ്മിറ്റി ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഈ അവകാശപത്രികയിലെ പ്രധാനപ്പെട്ട ആവശ്യങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യങ്ങൾ താഴെ പറയുന്നവയാണ്.

1. ബാബു വിജയനാഥ് കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുക.
2. ജനസംഖ്യാനുപാതികമായി സംവരണം ഏർപ്പെടുത്തുക.
3. പട്ടികജാതി പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും തൊഴിൽ നൽകുക.
4. കടബാദ്ധ്യതകളിൽ നിന്നും മോചിപ്പിക്കുക.
5. ലാൻറ് യൂട്ടിലൈസേഷൻ നിയമം കർശനമായി നടപ്പിലാക്കുക.
6. സർവ്വീസിലുള്ള സംവരണം പൊതുമേഖലാ സ്ഥാപനങ്ങളിലും ബാധകമാക്കുക.
7. ബലാൽസംഗത്തിന് വിധേയരാകുന്നവർക്ക് നൽകുന്ന പാരിതോഷികം ഹരിജനങ്ങളുടെ ആത്മാഭിമാനത്തെ ചോദ്യം ചെയ്യുന്ന ഒരു നടപടിയായതിനാൽ നിർത്തലാക്കുക. ബലാൽസംഗം ചെയ്യുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുക.
8. ഭവന നിർമ്മാണത്തിന് ബൃഹത്തായ സമയബന്ധിത പരിപാടി നടപ്പിലാക്കുക.
9. സംവരണ ചൂഷണം അവസാനിപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly